# ശബരിമല; ഐ&പിആർഡി മീഡിയ സെന്റർ സന്നിധാനം
# 17.12.2025

## ട്രാക്ടർ അപകടത്തിൽ പരിക്കേറ്റ അയ്യപ്പഭക്തർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് ധനസഹായം കൈമാറി

ശബരിമലയിൽ ട്രാക്ടർ അപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന അയ്യപ്പഭക്തർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ  അടിയന്തര ധനസഹായം കൈമാറി. കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സയിലുള്ള ആന്ധ്രാ പ്രദേശ് സ്വദേശിനി ലേകാവു സുനിത, ഇടുക്കി പാമ്പാടുംപാറ സ്വദേശി രാധാകൃഷ്ണൻ എന്നീ അയ്യപ്പഭക്തർക്ക് 25000 രൂപ വീതവും കോന്നി മെഡിക്കൽ കോളേജിൽ ചികിത്സ  തേടിയ തമിഴ്നാട് സ്വദേശി വീരമണി എന്ന അയ്യപ്പ  ഭക്തന് 10000 രൂപയും നിസ്സാര പരിക്കുകളേറ്റ മറ്റ് അഞ്ചുപേർക്ക് 5000 രൂപ വീതവുമാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് അടിയന്തര ധനസഹായമായി നൽകിയത്.

കഴിഞ്ഞ ശനിയാഴ്ച വൈകിട്ടാണ് സന്നിധാനത്ത് നിന്ന് പമ്പയിലേക്ക് മാലിന്യവുമായി പോയ ട്രാക്ടർ അപകടത്തിൽപ്പെട്ടത്. അപകടത്തിൽ എട്ടുപേർക്ക് പരിക്കേറ്റിരുന്നു.

## ശബരിമല തീർഥാടനം: ആകെ വരുമാനം 210 കോടി രൂപ

ശബരിമല തീർഥാടനകാലം ആരംഭിച്ച ശേഷം ഇതുവരെയുള്ള ആകെ വരുമാനം 210 കോടി രൂപയായതായി ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. ജയകുമാർ അറിയിച്ചു. ഇതിൽ 106 കോടി രൂപ അരവണ വിൽപ്പനയിലൂടെയാണ് ലഭിച്ചിരിക്കുന്നത്. മുൻവർഷങ്ങളെ അപേക്ഷിച്ച് വരുമാനത്തിൽ വലിയ വർധനയാണ് ഉണ്ടായിരിക്കുന്നത്. വലിയ പ്രശ്നമില്ലാതെ സുഗമദർശനം സാധ്യമായ തീർഥാടന കാലമാണിത്. ഭക്തരും മാധ്യമങ്ങളും സന്തോഷപ്രദമായ അനുഭവമായാണ് ഈ തീർഥാടനകാലത്തെ കാണുന്നതെന്നും പ്രസിഡന്റ് പറഞ്ഞു. ദേവസ്വം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ ദേവസ്വം ഉദ്യോഗസ്ഥരുടെ യോഗത്തിനു ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

### റീഫണ്ടിന് പ്രത്യേക കൗണ്ടർ ഇന്നു മുതൽ

താമസത്തിന് മുറിയെടുക്കുന്നവർക്ക് മുൻകൂറായി നൽകുന്ന നിക്ഷേപ തുക തിരികെ ലഭിക്കുന്നില്ലെന്ന് പരാതിക്ക് പരിഹാരമായി തുക തിരിച്ച് നൽകുന്നതിന് പ്രത്യേക കൗണ്ടർ തുറക്കുമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് പറഞ്ഞു. കൗണ്ടറിലെ തിരക്ക് കാരണം പലർക്കും തുക മടക്കി വാങ്ങാൻ കഴിയാതെ വന്നിരുന്നു. ഇതേ തുടർന്ന് പരാതി ഉയർന്നിരുന്നു. ഈ സാഹചര്യത്തിലാണ് റീഫണ്ട് കൗണ്ടർ തുറക്കുന്നത്.

അക്കൊമൊഡേഷൻ ഓഫീസിലാണ് കൗണ്ടർ പ്രവർത്തിക്കുക. അർഹതപ്പെട്ട മുഴുവൻ തുകയും ഭക്തർക്ക് തിരികെ നൽകുന്നതിനുള്ള ക്രമീകരണമാണ് ഏർപ്പെടുത്തുന്നത്. 500 മുറികളാണ് താമസത്തിനായി വിട്ടുനൽകുന്നത്. സോഫ്റ്റ് വെയറി ഇതിനുള്ള മാറ്റങ്ങളും ഏർപ്പെടുത്തും. ഓൺലൈനായും ഓഫ്‌ലൈനായും മുറി ബുക്ക് ചെയ്യുമ്പോൾ മുൻകൂർ നിക്ഷേപമായി നൽകുന്ന തുക തിരികെ നൽകും. ഓൺലൈനിൽ ബുക്ക് ചെയ്യുമ്പോൾ നൽകുന്ന തുക തിരികെ അക്കൗണ്ടിലേക്ക് നൽകുന്നതിന് സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തും.

അരവണ നിയന്ത്രണം തുടരും

ഒരാൾക്ക് 20 ടിൻ അരവണ നൽകുന്ന തീരുമാനം തുടരുമെന്ന് പ്രസിഡന്റ് അറിയിച്ചു. എല്ലാവർക്കും അരവണ ലഭ്യമാക്കുന്നതിനാണ് ഇത്തരമൊരു ക്രമീകരണം ഏർപ്പെടുത്തിയിരിക്കുന്നത്. ഇത് അയ്യപ്പൻമാർക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നതായി തോന്നുന്നില്ല. മണ്ഡലപൂജയ്ക്ക് ശേഷം 27 ന് നട അടച്ചാൽ മൂന്നു ദിവസം കഴിഞ്ഞാണ് തുറക്കുക. ഈ സമയത്ത് കൂടുതൽ അരവണ ഉത്പാദിപ്പിച്ച് കരുതൽശേഖരം വർധിപ്പിക്കാനാകും.

തീർഥാടനകാലത്തിന്റെ ആദ്യ ആഴ്ചയിൽ അരവണ വിൽപ്പനയിൽ പ്രത്യേകിച്ച് നിയന്ത്രണങ്ങളില്ലായിരുന്നു. 45 ലക്ഷം അരവണ കരുതൽ ശേഖരവുമായാണ് ഈ വർഷത്തെ തീർഥാടന കാലം ആരംഭിച്ചത്. എന്നാൽ അഭൂതപൂർവ്വമായ അരവണ വിൽപ്പനയാണ് ഉണ്ടായത്. 3.5 ലക്ഷം ടിൻ അരവണ വിൽപ്പനയാണ് ഒരു ദിവസം

പ്രതീക്ഷിച്ചതെങ്കിലും ശരാശരി നാലര ലക്ഷം അരവണയാണ് വിറ്റത്. ഇത് കരുതൽ ശേഖരം പെട്ടെന്ന് ശോഷിപ്പിക്കുന്നതിന് കാരണമായി. നിലവിൽ. പത്ത് ലക്ഷത്തിലധികം അരവണ ടിന്നുകൾ കരുതൽ ശേഖരമായുണ്ട്. മണ്ഡല പൂജ അടുക്കുന്ന സാഹചര്യത്തിലുണ്ടാകാവുന്ന ഭക്തരുടെ എണ്ണത്തിലെ വർധന കണക്കിലെടുത്താണ് നിലവിലെ ക്രമീകരണം. അരവണ ഉത്പാദനം ഇതിൽ വർധിപ്പിക്കാൻ ഇന്നത്തെ സാഹചര്യത്തിൽ സാധ്യമല്ല. ഇപ്പോൾ മൂന്നു ലക്ഷം അരവണയാണ് ഉത്പാദിപ്പിക്കുന്നത്. ഒരു ലക്ഷം കരുതൽ ശേഖരത്തിൽ നിന്നുമെടുക്കുന്നു.

26 ന് മന്ത്രിയുടെ നേതൃത്വത്തിൽ അവലോകനയോഗം

27 ന് നടക്കുന്ന മണ്ഡലപൂജയ്ക്ക് അയ്യപ്പവിഗ്രഹത്തിൽ ചാർത്തുന്നതിനുള്ള തങ്ക അങ്കി 26 ന് പുറപ്പെടും. അന്നേ ദിവസം ദേവസ്വം വകുപ്പ് മന്ത്രി വി.എൻ. വാസവന്റെ നേതൃത്വത്തിൽ അവലോകന യോഗം ചേരും. മകരവിളക്കിനോടനുബന്ധിച്ചുള്ള ക്രമീകരണങ്ങൾ യോഗത്തിൽ വിലയിരുത്തും. മകരവിളക്കിനെത്തുന്ന ഭക്തരുടെ പെരുമാറ്റ രീതികളും ശീലങ്ങളും വ്യത്യസ്തമാണ്. കാട്ടിൽ തമ്പടിക്കുക, പർണശാല കെട്ടുക തുടങ്ങിയവയുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾ വിലയിരുത്തും. മകരവിളക്ക് ദർശിക്കുന്നതിന് പ്രത്യേക സ്ഥലങ്ങൾ ഭക്തർ തിരഞ്ഞെടുക്കുന്ന സാഹചര്യത്തിൽ അപകടങ്ങൾ സംഭവിക്കാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കേണ്ടതുണ്ട്. ഭക്തരുടെ സുരക്ഷയുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്.

അപകടകരമായ സ്ഥലങ്ങളിൽ നിന്ന് ജ്യോതി ദർശിക്കുന്ന സാഹചര്യം ഭക്തർ ഒഴിവാക്കണം.

മകരവിളക്കിനോടനുബന്ധിച്ച് കാനന പാത വഴി വരുന്നവർക്ക് കൂടുതൽ സൗകര്യങ്ങളേർപ്പെടുത്തും. സ്പോട്ട് ബുക്കിംഗ് കുറച്ചു എന്നു കേട്ട് പലരും സത്രം പുല്ലുമേട് വഴി തിരഞ്ഞെടുക്കുന്നുണ്ട്. ദുർഘടമായ പാതയിലൂടെ പ്രായാധിക്യമുള്ളവർ, അസുഖമുള്ളവർ തുടങ്ങിയവർ ഏറെ ദൂരം നടന്നു വരുന്ന സാഹചര്യമുണ്ട്. തമിഴ്നാട്ടിലും ആന്ധ്രപ്രദേശിലും തെലുങ്കാനയിലും ഉള്ള ഭക്തർക്ക് ഇത് സംബന്ധിച്ച് കൂടുതൽ അവബോധം നൽകണം. ആരോഗ്യപ്രശ്നമുള്ളവർ ഈ പാത തിരഞ്ഞെടുക്കുന്നത് ഒഴിവാക്കണം. കാനന പാത വഴി വരുന്നവർക്ക് പ്രത്യേക പാസ് ഏർപ്പെടുത്തുന്നതിന് പോലീസുമായും വനം വകുപ്പുമായും ധാരണയിലെത്തിയിട്ടുണ്ട്.

കേരളീയ ഊണ് 21 മുതൽ

അന്നദാനവുമായി ബന്ധപ്പെട്ട് കേരളീയ രീതിയിൽ പപ്പടം, പഴം, പായസം തുടങ്ങിയ വിഭവങ്ങളുമായി ഊണ് നൽകുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിച്ചുവരികയാണ്. 21 മുതൽ കേരളീയ ഊണ് പ്രാബല്യത്തിൽ വരുത്താനാണ് ശ്രമിക്കുന്നത്. അന്നദാനമണ്ഡപത്തിലെത്തി അടുക്കള സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയിരുന്നു. ആവശ്യത്തിന് സാധനങ്ങൾ ശേഖരിച്ചിട്ടുണ്ട്.

സ്പോട്ട് ബുക്കിംഗിൽ കടുംപിടിത്തമില്ല

സ്പോട്ട് ബുക്കിംഗുമായി ബന്ധപ്പെട്ട് കടുംപിടിത്തമില്ലെന്ന് പ്രസിഡന്റ് അറിയിച്ചു. കോടതി അതിനുള്ള സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ട്. സ്പോട്ട് ബുക്കിംഗ് സാഹചര്യം അനുസരിച്ച് റിലാക്സ് ചെയ്യാൻ കോടതി അനുവദിച്ചിട്ടുണ്ട്. ഭക്തരുടെ വരവ് അനുസരിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കും. നിലവിൽ നിശ്ചയിച്ചിട്ടുള്ള സ്പോട്ട് ബുക്കിംഗ് പരിധിയായ 5000 തുടരും. ഇപ്പോൾ അധികം ക്യൂ നിൽക്കാതെ ഭക്തർക്ക് ദർശനം സാധ്യമാകുന്നുണ്ട്. കാനനപാത വഴിയെത്തുന്നവരുടെ എണ്ണം വർധിച്ചിട്ടുണ്ട്. ഇത് നിയന്ത്രിക്കുന്നതിന് പോലീസുമായി ചർച്ച നടത്തുന്നുണ്ട്. എരുമേലി – അഴുത കാനന പാത വഴി വരുന്നവർക്ക് പ്രത്യേക പാസ് നൽകുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പുമായും സംസാരിച്ചിട്ടുണ്ട്. പരമാവധി ഭക്തർക്ക് ദർശനം സാധ്യമാക്കും. ഭക്തർക്ക് പ്രയാസമുണ്ടാക്കാത്ത വിധത്തിൽ ദർശനം ക്രമീകരിക്കുകയാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

സാങ്കേതികവിദ്യാ മികവിൽ അധിഷ്ഠിതമായ തീർഥാടനകാലം ലക്ഷ്യം

അടുത്ത വർഷത്തെ തീർഥാടനകാലം സുഗമമാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ ആരംഭിച്ചതായി പ്രസിഡന്റ് അറിയിച്ചു. ശബരിമല മാസ്റ്റർ പ്ലാൻ സംബന്ധിച്ച് വിശദമായ യോഗം ദേവസ്വം

ആസ്ഥാനത്ത് ഇന്ന് (18) ചേരും. അടുത്ത ഒരു വർഷത്തിനകം പൂർത്തീകരിക്കാൻ കഴിയുന്ന പദ്ധതികൾ മുൻഗണനാക്രമത്തിൽ വിലയിരുത്തും. 2026–27 വർഷം നടപ്പാക്കാനാകുന്ന പദ്ധതികൾ പരിശോധിക്കും. മുൻഗണന നിശ്ചയിച്ച് പദ്ധതികൾ പൂർത്തീകരിക്കും. കേന്ദ്രസർക്കാർ ഫണ്ട്, സ്പോൺസർഷിപ്പ് തുടങ്ങിയവ വഴി പദ്ധതി തുക കണ്ടെത്തും. ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയിൽ മറ്റൊരു അരവണ പ്ലാന്റ് നിർമ്മിച്ചാൽ നാലു മുതൽ അഞ്ച് ലക്ഷം വരെ പ്രതിദിനം അരവണ ഉത്പാദിപ്പിക്കാൻ കഴിയും.

മണ്ഡലകാല ഉത്സവ നടത്തിപ്പിൽ സാങ്കേതികവിദ്യയുടെ കൂടുതലായി ഉപയോഗപ്പെടുത്താനാണ് ശ്രമം. ഇതിനായുള്ള സാങ്കേതിക മാസ്റ്റർ പ്ലാൻ തയാറാക്കും. കോടതി തന്നെ ഇതുസംബന്ധിച്ച് നിർദേശം നൽകിയിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് തീർഥാടനം സുഗമമാക്കുന്നതിനുള്ള സാധ്യത ചർച്ച ചെയ്യും. നിലയ്ക്കലിൽ നിന്ന് പുറപ്പെടുന്നവർ എത്ര നേരം കൊണ്ട് പമ്പയിലെത്തും എത്ര നേരം ക്യൂവിൽ നിൽക്കേണ്ടി വരും തുടങ്ങിയവയെല്ലാം നിർമ്മിത ബുദ്ധിയും ജിപിഎസ് സംവിധാനവും ഉപയോഗിച്ച് നിർണയിക്കാനാകും. ഇത്തരം സാധ്യതകളാണ് പരിശോധിക്കുന്നത്. ശാസ്ത്രീയ മാർഗങ്ങൾ അവലംബിച്ചുള്ള നവീകരണമാണ് ശബരിമലയിൽ നടപ്പാക്കുകയെന്നും പ്രസിഡന്റ് പറഞ്ഞു.

**പോലീസിൽ നിന്ന് ഭക്തർ പ്രതീക്ഷിക്കുന്നത് നല്ല പെരുമാറ്റം മാത്രം: സ്പെഷ്യൽ ഓഫീസർ പി.ബാലകൃഷ്ണൻ നായർ**

ശബരിമലയിലെത്തുന്ന അയ്യപ്പഭക്തർ പോലീസിൽ നിന്ന് പ്രതീക്ഷിക്കുന്നത് നല്ല പെരുമാറ്റം മാത്രമാണെന്ന്

സന്നിധാനം സ്പെഷ്യൽ ഓഫീസർ പി.ബാലകൃഷ്ണൻ നായർ. സന്നിധാനത്ത് സുരക്ഷാ ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥരുടെ നാലാമത്തെ ബാച്ചിനെ അഭിസംബോധന ചെയ്ത് ശാസ്താ ഓഡിറ്റോറിയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സാധാരണ പോലീസ് ഡ്യൂട്ടിയിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ശബരിമലയിലേത്. ശബരിമല ധർമ്മശാസ്താവിനെ കാണാൻ ഇവിടെയെത്തുന്ന അയ്യപ്പഭക്തരെ സഹായിക്കലാണ് പോലീസിന്റെ ഡ്യൂട്ടി. ക്രിമിനലുകളോട് ഇടപെടുമ്പോഴുള്ള പെരുമാറ്റം മാറ്റിവെച്ചായിരിക്കണം ഭക്തരോടുള്ള പെരുമാറ്റം. അയ്യപ്പനെ മാത്രം വിചാരിച്ച് ഇവിടെയെത്തുന്ന ഭക്തരോട് ഏറ്റവും സൗമ്യമായി മാത്രമേ പെരുമാറാവൂ. തത്വമസി എന്ന ആപ്തവാക്യം മനസിലാക്കിയുള്ള പെരുമാറ്റമാണ് അയ്യപ്പനും പോലീസ് വകുപ്പും പ്രതീക്ഷിക്കുന്നത്.

കേരള പോലീസിന്റെ ഏറ്റവും വലിയ ഇമേജ് ബിൽഡിംഗ് ഡ്യൂട്ടി കൂടിയാണിത്. കർണാടക, തമിഴ്നാട്, ആന്ധ്ര തുടങ്ങിയ ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള അയ്യപ്പഭക്തരാണ് ഏറെയും. ഈ സംസ്ഥാനങ്ങളിലെ പോലീസും കേരള പോലീസും തമ്മിലുള്ള വ്യത്യാസം എന്താണെന്നും കേരള പോലീസ് എന്തുകൊണ്ട് നമ്പർ വൺ ആകുന്നു എന്നും കാണിച്ചുകൊടുക്കാനുള്ള അവസരമാണിത്. ഇവിടെയുള്ള പോലീസ് ഉദ്യോഗസ്ഥരുടെ

നല്ല പെരുമാറ്റത്തിലൂടെയും സമീപനത്തിലൂടെയും ആണ് ഇതു സാധ്യമാകുക.

ദുഷ്ക്കരമായ സാഹചര്യത്തിലും നന്നായി പെരുമാറാൻ കഴിയുമ്പോഴാണ് കേരള പോലീസിന്റെ മഹത്വം വർധിക്കുക. നാലും അഞ്ചും മണിക്കൂർ കഠിനമായ മലയാത്ര കഴിഞ്ഞ് മണിക്കൂറുകൾ ക്യൂ നിന്ന് ആണ് അയ്യപ്പന്മാർ ദർശനത്തിനെത്തുന്നത്. ഈ പ്രയാസം മനസിലാക്കി വേണം അവരോട് പെരുമാറാൻ. ഇത് ഓരോ പോലീസ് ഉദ്യോഗസ്ഥരുടെയും മനസിലുണ്ടാകണം.

ഇവിടെ ഡ്യൂട്ടി ചെയ്യാൻ കഴിയുന്നതു തന്നെ മഹാഭാഗ്യമാണ്. മാനവസേവയാണ് ഏറ്റവും വലിയ മാധവസേവ. അയ്യപ്പഭക്തർക്ക് ദർശനത്തിന് എല്ലാ സൗകര്യവും ഒരുക്കി നൽകുകയാണ് വേണ്ടത്. ഡ്യൂട്ടിയിലുള്ള സമയത്ത് അല്ലാത്തപ്പോഴും സോപാനത്തിന് സമീപം തിരുനടയിൽ നിന്ന് തൊഴാനെത്തുന്ന ഭക്തർക്ക് ബുദ്ധിമുട്ടുണ്ടാക്കരുതെന്നും അദ്ദേഹം പറഞ്ഞു.

കൊടിമരം, സോപാനം, മാളികപ്പുറം, പതിനെട്ടാംപടിക്ക് താഴെ, നടപ്പന്തൽ, യു ടേൺ, ശരംകുത്തി, ക്യൂ കോംപ്ലക്സ്, മരക്കൂട്ടം, പാണ്ടിത്താവളം എന്നിങ്ങനെ 10 സെക്ടറുകളായി തിരിച്ചാണ് സന്നിധാനത്ത് പോലീസ് ഉദ്യോഗസ്ഥരെ വിന്യസിക്കുന്നത്. ഡിവൈഎസ്പിമാർക്കാണ് ഓരോ സെക്ടറിന്റെയും ചുമതല. 1593 പോലീസ് ഉദ്യോഗസ്ഥരാണ് നാലാമത്തെ ബാച്ചിലുള്ളത്. ഡിസംബർ 28 വരെയാണ് ഈ ബാച്ചിന്റെ സേവനകാലാവധി.

ആറുഘട്ടങ്ങളായാണ് സന്നിധാനത്ത് പോലീസിനെ വിന്യസിക്കുന്നത്. ഡിസംബർ 19 മുതൽ 28 വരെയുള്ള കാലയളവിൽ നാലാംഘട്ടവും 29 മുതൽ ജനുവരി 9 വരെ അഞ്ചാംഘട്ടവും ജനുവരി 9 മുതൽ 20 വരെ ആറാംഘട്ടവുമായാണ് പോലീസിനെ വിന്യസിക്കുന്നത്.

അഡീഷണൽ എസ് പി എ.പി. ചന്ദ്രൻ, ഡിവൈഎസ്പിമാർ, പോലീസ് ഇൻസ്‌പെക്ടർമാർ തുടങ്ങിയവർ പങ്കെടുത്തു.

## സുഖദർശനം: ഗായകൻ സന്നിധാനന്ദൻ

അയ്യപ്പസന്നിധിയിൽ ദർശനം നടത്തി ഗായകൻ സന്നിധാനന്ദൻ. അമ്മയ്ക്കും മക്കൾക്കും ഒപ്പമാണ് സന്നിധാനന്ദൻ ദർശനത്തിനെത്തിയത്. നൂറു ശതമാനം സുഖദർശനം സാധ്യമായെന്ന് സന്നിധാനന്ദൻ പറഞ്ഞു. വെർച്വൽ ക്യൂ ബുക്ക് ചെയ്യാൻ കഴിഞ്ഞിരുന്നില്ല. സ്പോട്ട് ബുക്കിംഗിന് വലിയ താമസം നേരിടുമെന്നാണ് കരുതിയത്. ഒരു ദിവസം വരെ കാത്തിരിക്കേണ്ടി വരുമോ എന്ന് ചിന്തിച്ചിരുന്നു. പക്ഷേ ഒരു മണിക്കൂറിനുള്ളിൽ സ്പോട്ട് ബുക്കിംഗ് നടത്താൻ കഴിഞ്ഞു. ദർശനവും അന്നദാനവും തീർഥാടനവും എല്ലാം സുഖകരമായിരുന്നു. എല്ലാ സ്വാമിമാർക്കും സുഖദർശനം സാധ്യമാകട്ടെ എന്നും അദ്ദേഹം ആശംസിച്ചു.